# മഹാത്മാഗാന്ധി സർവ്വകലാശാല

## (സംഗ്രഹം)

സർവ്വകലാശാല പരീക്ഷകൾ - നിലവിൽ നടന്നുകൊണ്ടിരിക്കുന്ന ക്യാമ്പിലേയ്ക്ക് അധിക പരീക്ഷകളുടെ ഉത്തരക്കടലാസുകളുടെ മൂല്യനിർണയവും അനുബന്ധ ജോലികളും കൂടി ഏൽപ്പിക്കുന്നതു സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## പരീക്ഷാ വിഭാഗം എൻ.1 സെക്ഷൻ

നം. 394/ഇ.എൻ.1/1018/14/പരീക്ഷ                                   തീയതി: പി.ഡി.ഹിൽസ്, 18.05.2017

---

സൂചന : 1. 15.05.2017-ൽ ക്യാമ്പ് ഓഫീസറായ ശ്രീ. സജീവ് കെ. (എസ്.ഒ., ഇ.ഐ. 8) സമർപ്പിച്ച കുറിപ്പ്.

## ഉത്തരവ്

മേൽ സൂചന പ്രകാരമുള്ള കുറിപ്പ് അനുസരിച്ച് നിലവിൽ 18.03.2017-ലെ 225/ഇ.എൻ.1/1018/14/പരീക്ഷ നമ്പർ ഉത്തരവിൻ പ്രകാരം നടന്നു വരുന്ന ക്യാമ്പിലേയ്ക്ക് താഴെ പറയുന്ന പരീക്ഷകളുടെ ഉത്തരക്കടലാസുകളുടെ മൂല്യനിർണയവും അനുബന്ധ ജോലികളും കൂടി ഏൽപ്പിക്കാൻ ജോയിന്റ് രജിസ്ട്രാർ - 4 (പരീക്ഷാവിഭാഗം) ഇതിനാൽ ഉത്തരവായിരിക്കുന്നു.

**പരീക്ഷകൾ**

1) 2017 ഏപ്രിലിൽ നടന്ന അവസാന വർഷ ബി.എസ്.സി.എം.എം.ബി. (റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ.
2) 2017 ഏപ്രിലിൽ നടന്ന ഒന്നാം വർഷ ബി.എസ്.സി.എം.എം.ബി. (പുതിയ സ്കീം) പരീക്ഷ.
3) 2017 ഏപ്രിലിൽ നടന്ന ഒന്നാം വർഷ ബി.എസ്.സി.എം.എം.ബി. (പഴയ സ്കീം) പരീക്ഷ.

ക്യാമ്പിന്റെ സുഗമമായ പ്രവർത്തനത്തിനായി ക്യാമ്പ് ഉദ്യോഗസ്ഥർ താഴെ പറയുന്ന നിർദേശങ്ങൾ പാലിക്കേണ്ടതാണ്.

1. ക്യാമ്പ് ഉദ്യോഗസ്ഥർ ക്യാമ്പിലെ ജോലികൾക്കൊപ്പം സ്വന്തം സെക്ഷനിലെ ജോലികളും വീഴ്ചയില്ലാതെ നിർവഹിക്കേണ്ടതും അതിനായി ആവശ്യമെങ്കിൽ പ്രവർത്തി സമയത്തിനപ്പുറവും അവധി ദിവസങ്ങളിലും ജോലി ചെയ്യേണ്ടതുമാണ്.
2. മുൻകൂർ അനുമതിയില്ലാതെ ക്യാമ്പ് ജോലിയ്ക്കു ഹാജരാകാതിരിക്കുന്ന ക്യാമ്പ് ഉദ്യോഗസ്ഥരുടെ വിവരം യഥാസമയം ക്യാമ്പ് അധികാരി ഇ.എൻ.-1 സെക്ഷനിൽ അറിയിക്കേണ്ടതാണ്.
3. ക്യാമ്പ് തുടങ്ങിയാലുടൻ മൂല്യനിർണ്ണയത്തിനു ഹാജരായ അധ്യാപകരുടെ പട്ടിക ക്യാമ്പ് അധികാരി പരീക്ഷാ വിഭാഗം എ.ആർ.-18/പരീക്ഷാ വിഭാഗം എ.ആർ.-11 ന് സമർപ്പിക്കേണ്ടതാണ്.
4. ക്യാമ്പ് അധികാരി ക്യാമ്പ് പൂർത്തിയാകുന്ന മുറയ്ക്ക് ക്യാമ്പ് പൂർത്തീകരണ സാക്ഷ്യപത്രവും ഹാജർ പുസ്തകവും ഒപ്പം താഴെ പറയുന്ന സാക്ഷ്യപത്രങ്ങളും കൂടി ബന്ധപ്പെട്ട അധികാരികളുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.
   1) സ്റ്റേപ്ലർ, പഞ്ച്, സ്കെയിൽ, ജം ക്ലിപ്പ് മുതലായ തിരികെ നൽകാവുന്ന സാധനങ്ങൾ തിരികെ ലഭിച്ചെന്നുള്ള സ്റ്റോർ കീപ്പറുടെ സാക്ഷ്യപത്രം.
   2) വിതരണ രജിസ്റ്റർ, ക്രമാനുസരണം അടുക്കിയ മൂല്യനിർണ്ണയം കഴിഞ്ഞ ഉത്തര കടലാസുകളുടെ ഫാൾസ് നമ്പർ ക്രമവിവരപട്ടിക, നമ്പരിടുന്ന യന്ത്രം, പൂട്ടും താക്കോലും, ലാപ് ടോപ് എന്നിവ ക്യാമ്പിൽ നിന്നും തിരികെ ലഭിച്ചു എന്നുള്ള എ.ആർ.-18/ഇ.എൻ.-1 സെക്ഷൻ ഓഫീസർ-ന്റെ സാക്ഷ്യപത്രം.
   3) മൂല്യനിർണ്ണയ പദ്ധതിയിൽ ചോദ്യപേപ്പറുകൾ ലഭിച്ചു എന്നുള്ള പരീക്ഷാ വിഭാഗം എ.ആർ.-11/പുനർമൂല്യനിർണ്ണയ വിഭാഗം എ.ആർ-ന്റെ സാക്ഷ്യപത്രം.
   4) അധ്യാപകർക്കുള്ള മൂല്യനിർണ്ണയ ബത്ത വിതരണത്തെ സംബന്ധിച്ചും ക്യാമ്പ് ഉദ്യോഗസ്ഥരുടെ തൃപ്തികരമായ പ്രവർത്തി നിർവഹണത്തെ കുറിച്ചുമുള്ള സാക്ഷ്യപത്രം.

മേൽപ്പറഞ്ഞ ക്യാമ്പുമായി ബന്ധപ്പെട്ട ചെലവുകൾ നടപ്പുവർഷത്തെ സർവ്വകലാശാലാ ബജറ്റിലെ "22 201 38 സി.വി. ക്യാമ്പ് ചെലവുകൾ" എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)

ശ്രീ. വിജയൻ റ്റി. കെ.

അസിസ്റ്റന്റ് രജിസ്ട്രാർ 18 (പരീക്ഷാവിഭാഗം)

പരീക്ഷാകൺട്രോളർക്കു വേണ്ടി

പകർപ്പ്:

1. ബന്ധപ്പെട്ട വ്യക്തികൾ/സെക്ഷനുകൾ
2. വി.സി., പി.വി.സി. എന്നിവരുടെ പി.എസ്.മാർ
3. രജിസ്ട്രാർ, എഫ്.ഒ., സി.ഇ. എന്നിവരുടെ പി.എ.മാർ
4. ജെ.ആർ. - 1,4 (പരീക്ഷാവിഭാഗം)
5. ഡി.ആർ. - 8 (പരീക്ഷാവിഭാഗം)
6. എ.ആർ. -18 (പരീക്ഷാവിഭാഗം)
7. ജെ.ഡി.കെ.എസ്.എ.
8. പരീക്ഷ ഓഡിറ്റ്/പരീക്ഷ ക്യാഷ്
9. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ/പി.ആർ.ഒ.
10. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ആഫീസർ

ഫയൽ നമ്പർ:ഇ.എൻ.1/3/1018/2017